എല്ലാ യൂണിവേഴ്സിറ്റി പഠന വകുപ്പുകളിലും ഗവണ്മെന്റ് എയ്ഡഡ്, സ്വാശ്രയ കോളേജുകളിലും ബിരുദകോഴ്സുകൾക്ക് 2 സീറ്റ് വീതവും ബിരുദാനന്തര കോഴ്സുകൾക്ക് ഒരു സീറ്റ് വീതവും സ്പോർട്സ് താരങ്ങൾക്കായി നീക്കിവെച്ചിട്ടുണ്ട്. സ്പോർട്ട്സ് കോട്ടയിലേക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ ക്യാപ് റജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതും കൂടാതെ പ്രവേശനം നേടാൻ ഉദ്ദേശിക്കുന്ന കോളേജിൽ നിന്നും ലഭിക്കുന്ന അപേക്ഷ പൂരിപ്പിച്ചു അതാത് കോളേജിൽ സമർപ്പിക്കേണ്ടതുമാണ്. സ്പോർട്സ് കോട്ടയിലേക്ക് അഡ്മിഷൻ ലഭിക്കുന്നിന് സ്പോർട്സ് ഇനത്തിലെ മികവ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും കോളേജിൽ സമർപ്പിക്കേണ്ടതാണ്.

കോളേജ് അധികൃതർ സ്പോർട്സ് കോട്ട റാങ്ക് പട്ടിക കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ഷെഡ്യൂൾ പ്രകാരമുള്ള തീയ്യതികളിൽ പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിൽ കോളേജ് അധികൃതർ അഡ്മിഷൻ നടത്തേണ്ടതാണ്.

സ്പോർട്ട്സ് കോട്ടയിലേക്ക് അഡ്മിഷൻ എടുക്കാനുള്ള യോഗ്യതയുടെ പട്ടിക

ബിരുദ കോഴ്സുകളിലേക്ക്/ പ്രോഗ്രാമുകളിലേക്ക്

1. അന്തർദ്ദേശീയ മത്സരങ്ങളിൽ രാഷ്ട്രത്തെ പ്രതിനിധീകരിക്കൽ
2. സീനിയർ നാഷണൽ ചാമ്പ്യൻഷിപ്പിൽ I/II/III സ്ഥാനം
3. ദേശീയ ചാമ്പ്യൻഷിപ്പിൽ സംസ്ഥാനത്തെ (സീനിയർ) പ്രതിനിധീകരിക്കൽ
4. ഡിസ്ട്രിക്ട് (സീനിയർ) ചാമ്പ്യൻഷിപ്പിൽ പ്രാതിനിധ്യവും സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിൽ പങ്കാളിത്തവും
5. സംസ്ഥാന ജൂനിയർ യൂത്ത് ചാമ്പ്യൻഷിപ്പിൽ I/II/III സ്ഥാനം
6. സൗത്ത് സോൺ ചാമ്പ്യൻഷിപ്പിൽ സീനിയർ സ്റ്റേറ്റ് പ്രതിനിധീകരിക്കുന്ന പോളിടെക്നിക് /വി.എച്ച്.എസ്.സി/ ഐ.ടി.ഐ/എച്ച്. എസ്.ഇ വിദ്യാർത്ഥികൾ

... go to content page...

7. ജൂനിയൽ യൂത്ത് നാഷണൽ ചാമ്പ്യൻഷിപ്പിൽ I/II/III സ്ഥാനം
8. ഓൾ ഇന്ത്യാ സ്കൂൾ ഗെയിംസിൽ I/II/III സ്ഥാനം
9. ജൂനിയർ/യൂത്ത് നാഷണൽ ചാമ്പ്യൻഷിപ്പിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കൽ
10. ജൂനിയർ/യൂത്ത് സൗത്ത് സോൺ ചാമ്പ്യൻഷിപ്പിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കൽ
11. ഐ.സി.എസ്.ഇ/സി.ബി.എസ്.ഇ/സെൻട്രൽ സ്ക്കൂൾ/നവോദയ വിദ്യാലയം എന്നിവയെ പ്രതിനിധീകരിച്ച് ദേശീയ ചാമ്പ്യൻഷിപ്പിൽ I/II/III സ്ഥാനം
12. സീനിയർ അന്തർ ജില്ലാ ചാമ്പ്യൻഷിപ്പിൽ I/II/III സ്ഥാനം
13. സംസ്ഥാന ചാമ്പ്യൻഷിപ്പുകളിൽ I/II/III സ്ഥാനം
14. വിദ്യാഭ്യാസ ജില്ലയെ പ്രതിനിധീകരിച്ച് ചാമ്പ്യൻഷിപ്പിൽ I/II/III സ്ഥാനം
15. ഐ.സി.എസ്.ഇ/സി.ബി.എസ്.ഇ/സെൻട്രൽ സ്കൂൾ/നവോദയ വിദ്യാലയം എന്നിവയ പ്രതിനിധീകരിച്ച് സോണൽ/ക്ലസ്റ്റർ ടൂർണമെന്റിൽ I/II/III സ്ഥാനം
16. ഐ.സി.എസ്.ഇ/സി.ബി.എസ്.ഇ/നവോദയ വിദ്യാലയങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ ചാമ്പ്യൻഷിപ്പിൽ പങ്കാളിത്തം
17. റൂറൽ നാഷണൽ/വനിതാ ഫെസ്റ്റിവലിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കൽ
16. വിദ്യാഭ്യാസജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കാളിത്തം

ബിരുദാനന്തര കോഴ്സുകളിലേക്ക്/പ്രോഗ്രാമുകളിലേക്ക്

1. അന്തർദ്ദേശീയ മത്സരങ്ങളിൽ രാഷ്ട്രത്തെ പ്രതിനിധീകരിക്കുന്നവർ
2. സീനിയൽ നാഷണൽ ചാമ്പ്യൻഷിപ്പിൽ I/II/III സ്ഥാനം
3. നാഷണൽ ചാമ്പ്യൻഷിപ്പിൽ സംസ്ഥാനത്തെ (സീനിയർ) പ്രതിനിധീകരിക്കുന്നവർ
4. അഖിലേന്ത്യാ ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ I/II/III സ്ഥാനം

... go to content page...

5. യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിക്കുന്നവർ
6. യൂണിവേഴ്സിറ്റി ടീമിൽ അംഗത്വം
7. സീനിയർ സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിൽ I/II/ സ്ഥാനം
8. ഇന്റർ കോളീജിയറ്റ് ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം (മുൻഗണനാക്രമം - കാലിക്കറ്റ് യൂണിവേഴ്സിറ്റി, എം.ജി. യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി, കണ്ണൂർ യൂണിവേഴ്സിറ്റി)
9. ജൂനിയർ നാഷണൽ ചാമ്പ്യൻഷിപ്പിൽ മെഡൽ ജേതാക്കൾ
10. ജൂനിയർ നാഷണൽ ചാമ്പ്യൻഷിപ്പിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർ
11. ഇന്റർ കൊളീജിയറ്റ് ഇന്റർസോൺ ടൂർണമെന്റിൽ I/II/III സ്ഥാനം
12. ഇന്റർ കൊളീജിയറ്റ് ഇന്റർസോൺ ടൂർണമെന്റിൽ I/II/III സ്ഥാനം

3.5.2. ലക്ഷദ്വീപ് കോട്ട

എല്ലാ യൂനിവേഴ്സിറ്റി പഠനവകുപ്പുകളിലും/ഗവർമെന്റ്/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലും എല്ലാ കോഴ്സിനും ഓരോ സീറ്റ് വീതം ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, ലക്ഷദ്വീപ് ഭരണവിഭാഗം ശുപാർശ ചെയ്യുന്നവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ അഡ്മിഷനുവേണ്ടി കോളേജിൽ റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും അപേക്ഷാഫീസ് വാങ്ങിക്കാതെ കോളേജുകൾ സി.എ.പി. ഐ ഡി ഉണ്ടാക്കി അപേക്ഷാ റജിസ്ട്രേഷൻ പൂർത്തീകരിച്ച് അഡ്മിഷൻ നൽകേണ്ടതാണ്.

3.5.3. കാശ്മീർ വിദ്യാർത്ഥികൾ

പ്രത്യേക സ്കോളർഷിപ്പ് പ്രകാരം പഠനത്തിനായി കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് ശുപാർശ ചെയ്യുന്ന കാശ്മീർ വിദ്യാർത്ഥികൾക്കായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2 സീറ്റ് സംഖ്യാതീതമായി സംവരണം ചെയ്തിട്ടുണ്ട്. പ്രസ്തുത സീറ്റുകൾ സ്കോളർഷിപ്പ് ഉത്തരവിൽ പറയുന്നത് പ്രകാരം ബിരുദപ്രവേശനത്തിനോ, ബിരുദാനന്തര പ്രവേശനത്തിനോ നൽകുന്നതാണ്.

3.5.4 ആന്തമാൻ നിക്കോബർ ദ്വീപ് സമൂഹങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ

യൂനിവേഴ്സിറ്റി പഠനവകുപ്പിലെയും/ഗവർമെന്റ്/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലേയും എല്ലാ കോഴ്സിനും ഒരു സീറ്റ് വീതം

... go to content page...

ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, ആന്തമാൻ നിക്കോബർ ദ്വീപ് ഭരണവിഭാഗം ശുപാർശ ചെയ്യുന്നവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

3.6. സ്പെഷ്യൽ റിസർവേഷൻ കാറ്റഗറി സീറ്റ്

3.6.1. അംഗപരിമിതിയുള്ളവർ (കേൾവിക്കുറവുള്ളവർ, കാഴ്ചക്കുറവുള്ളവർ, ശാരീരിക വൈകല്യമുള്ളവർ)

അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി പഠന വകുപ്പുകളിലും, ഗവണ്മെന്റ്, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലും നീക്കിവെച്ചിട്ടുള്ള സീറ്റുകൾ രജിസ്ട്രേഷൻ സമയത്ത് ഇത്തരത്തിലുള്ള വിദ്യാർത്ഥികൾ അവർ ഉൾപ്പെടുന്ന വിഭാഗം രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത കോട്ടയിലേക്ക് അലോട്ട്മെന്റ് മുഖാന്തരം പ്രവേശനം നടത്തുന്നതാണ്. അംഗപരിമിതി 40 ശതമാനമോ അതിൽ കൂടുതലോയെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ വിദ്യാർത്ഥികളെയാണ് പ്രസ്തുത വിഭാഗം സീറ്റുകളിലേക്ക് പരിഗണിക്കുക.

പ്രസ്തുത കോട്ടയിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾ അംഗപരിമിതിയുടെ ശതമാനം തെളിയിക്കുന്നതിന് ജില്ലാ മെഡിക്കൽ ബോർഡിന്റെയോ, മറ്റു ഉന്നത സ്ഥാപനങ്ങളുടെയോ ബോർഡിന്റെയോ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ അംഗപരിമിതി 40 ശതമാനമോ അതിൽ കൂടുതലോയെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ വിദ്യാർത്ഥികളെയാണ് പ്രസ്തുത വിഭാഗം സീറ്റുകളിലേക്ക് പരിഗണിക്കുക.

പ്രസ്തുത കോട്ടയിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾ അംഗപരിമിതിയുടെ ശതമാനം തെളിയിക്കുന്നതിന് ജില്ലാ മെഡിക്കൽ ബോർഡിന്റെയോ, മറ്റു ഉന്നത സ്ഥാപനങ്ങളുടെയോ ബോർഡിന്റെയോ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ അംഗപരിമിതി 40 ശതമാനമോ അതിൽ കൂടുതലോയെന്ന് തെളിയിക്കുന്നതിന് സാധിച്ചില്ലെങ്കിൽ അഡ്മിഷൻ നിഷേധിക്കുന്നതാണ്.

അന്ധരും ബധിരരുമായ വിദ്യാർത്ഥികൾ പ്രാക്ടിക്കൽ ഉള്ള സയൻസ് വിഷയങ്ങൾക്ക് പ്രവേശനം നേടാൻ യോഗ്യരല്ല.

അംഗപരിമിതിയുള്ളവർ ബി.എസ്സി ജിയോളജിക്ക് അഡ്മിഷൻ എടുക്കാൻ യോഗ്യരല്ല.

... go to content page...

3.6.2. മെന്റലി റിട്ടാർഡഡ് (ബിരുദ പ്രവേശനത്തിന് മാത്രം)

മെന്റലി റിട്ടാർഡഡ് എന്ന് ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ്, എയ്ഡഡ്, സ്വാശ്രയ കോളേജുകളിൽ നീക്കിവെച്ചിട്ടുള്ള സീറ്റുകൾ രജിസ്ട്രേഷൻ സമയത്ത് ഇത്തരത്തിലുള്ള വിദ്യാർത്ഥികൾ അവർ ഉൾപ്പെടുന്ന വിഭാഗം രേഖപ്പെടുത്തേണ്ടതാണ്. "മെന്റലി റിട്ടാർഡഡ്" എന്ന് ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് കൈവശം ഉള്ളവരെ മാത്രമേ പ്രസ്തുത കോട്ടയ്ക്ക് പരിഗണിക്കുകയുള്ളു.

പ്രസ്തുത കോട്ടയിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾ പരിമിതിയുടെ ശതമാനം തെളിയിക്കുന്ന ജില്ലാ മെഡിക്കൽ ബോർഡിന്റെയോ, മറ്റു ഉന്നത സ്ഥാപനങ്ങളുടെയോ ബോർഡിന്റെയോ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ പരിമിതി 40 ശതമാനമോ അതിൽ കൂടുതലോയെന്ന് തെളിയിക്കുന്നതിന് സാധിച്ചില്ലെങ്കിൽ അഡ്മിഷൻ നിഷേധിക്കുന്നതാണ്.

3.6.3. ജുവനൈൽ ജസ്റ്റിസ് കേന്ദ്രങ്ങളിലെ അന്തേവാസികൾ (ബിരുദ പ്രവേശനത്തിന് മാത്രം)

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചിൽഡ്രൻ ഹോമിലേയും ജുവനൈൽ ജസ്റ്റിസ് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലേയും അന്തേവാസികൾക്ക് ഒരു കോളേജിൽ ഒരു സീറ്റ് ലഭ്യമാണ്.

പ്രസ്തുത സ്ഥാപനങ്ങളുടെ ശുപാർശ പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ കോളേജുകൾ അഡ്മിറ്റ് ചെയ്യേണ്ടതാണ്. ഇത്തരത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ ക്യാപ് റെജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്ന് കോളേജുകൾ ഉറപ്പുവരുത്തേണ്ടതാണ്.

4. വിവിധ കോളേജുകളിലെ സീറ്റ് വിന്യാസം

പട്ടിക (1) ഗവണ്മെന്റ് കോളേജ്/യൂനിവേഴ്സിറ്റി പഠന വകുപ്പ്

ക്രമനം.	സീറ്റ് വിന്യാസം	ആകെ സീറ്റിന്റെ ശതമാനം
1.	മെറിറ്റ് കോട്ട	50%

... go to content page...

എസ്.ഇ.ബി.സി. (സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നില്ക്കുന്ന വിഭാഗത്തിനായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റുകൾ)		
	എ. ഈഴവ/ബില്ലവ/തിയ്യ	8%
2.	ബി. എല്ലാ വിഭാഗത്തിലുംപെട്ട മുസ്ലീംങ്ങൾ	7%
	സി. ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽപ്പെടാത്ത ലാറ്റിൻ കത്തോലിക്കർ	1%
	ഡി. മറ്റു പിന്നോക്ക ക്രിസ്ത്യാനികൾ	1%
	ഇ. മറ്റു പിന്നോക്ക ഹിന്ദുക്കൾ	3%
3.	ഇ.ബി.എഫ്.സി. (മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗം	10%
	യൂണിവേഴ്സിറ്റി പഠനവകുപ്പിൽ	7.5%
	ഇ.ബി.എഫ്.സി. (മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗം)	
4.	പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ	15%
5.	പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ	5%
	യൂനിവേഴ്സിറ്റി പഠനവകുപ്പിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ	7.5%

... go to content page...

പട്ടിക (2) എയിഡഡ് കോളേജ്

ക്രമനം.	സീറ്റ് വിന്യാസം	ആകെ സീറ്റിന്റെ ശതമാനം (മുന്നോക്ക സമുദായത്തിൽപ്പെട്ട മാനേജ്മെന്റുകൾ നടത്തുന്ന കോളേജുകളിൽ)	ആകെ സീറ്റിന്റെ ശതമാനം (പിന്നോക്ക സമുദായത്തിൽപ്പെട്ട മാനേജുമെന്റുകൾ നടത്തുന്ന കോളേജുകളിൽ)
1.	മെറിറ്റ് കോട്ട	50%	40%
2.	പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ	15%	15%
3.	പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ	5%	5%
4.	കമ്മ്യൂണിറ്റി കോട്ട	10%	20%
5.	മാനേജ്മെന്റ് കോട്ട	20%	20%

പട്ടിക (3) സ്വാശ്രയ കോളേജ്/ഐ.എച്ച്.ആർ.ഡി. കോളേജുകൾ എയിഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകൾ/പ്രോഗ്രാമുകൾ

ക്രമനം.	സീറ്റ് വിന്യാസം	ആകെ സീറ്റിന്റെ 50 ശതമാനം
1.	മെറിറ്റ് കോട്ട	65%
2.	പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ	8%
3.	പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ	2%
4.	ഈഴവ/ബില്ലവ/തിയ്യ	9%
5.	എല്ലാ വിഭാഗത്തിലുംപെട്ട മുസ്ലിംങ്ങൾ	8%

... go to content page...

6.	ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽ	
	പ്പെടാത്ത ലാറ്റിൻ കത്തോലിക്കർ	2%
7.	മറ്റു പിന്നോക്ക ക്രിസ്ത്യാനികൾ	1%
8.	മറ്റു പിന്നോക്ക ഹിന്ദുക്കൾ	5%

5. പ്രവേശന ഷെഡ്യൂളും വിജ്ഞാപനവും

എല്ലാ വർഷവും പ്രവേശനഷെഡ്യൂൾ യൂണിവേഴ്സിറ്റി തയ്യാറാക്കുന്നതും പ്രവേശന വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിക്കുന്നതുമാണ്.

പ്രവേശന ഷെഡ്യൂളിൽ റജിസ്ട്രേഷൻ ആരംഭിക്കുന്നത് മുതൽ അഡ്മിഷൻ അവസാനിക്കുന്നതു വരെയുള്ള തീയതികൾ പ്രതിപാദിക്കുന്നതാണ്. ഓരോ അലോട്ട്മെന്റിലും വിവിധ കാറ്റഗറികളിലേക്കുള്ള അഡ്മിഷൻ തീയ്യതി ഷെഡ്യൂൾ മുഖാന്തരം പ്രസിദ്ധീകരിക്കുന്നതാണ്.

6. മാൻഡേറ്ററി ഫീസ്

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ, വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള മാൻഡേറ്റിഫീസ് അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. മാൻഡേറ്ററി ഫീസ് ഒറ്റത്തവണ മാത്രമേ അടയ്ക്കേണ്ടതുള്ളു. അലോട്ട്മെന്റ് ലഭിച്ച് മാൻഡേറ്ററി ഫീസ് അടയ്ക്കാത്തവർക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടമാവുന്നതും തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്താകുന്നതാണ്. പിന്നീട് ഒരു കാരണവശാലും അവർക്ക് പിന്നീട് അലോട്ട്മെന്റ് പ്രക്രിയയിൽ തിരികെ പ്രവേശിക്കാൻ സാധിക്കുന്നതല്ല.

അലോട്ട്മെന്റ് പ്രക്രിയയിലൂടെയല്ലാതെ അഡ്മിഷൻ നടത്തുന്ന സീറ്റുകളിലേക്ക് പ്രവേശനം നേടുന്നവരും ഷെഡ്യൂൾ പ്രകാരം പ്രഖ്യാപിക്കുന്ന തിയ്യതിക്കുള്ളിൽ മാൻഡേറ്ററി ഫീസ് അടയ്ക്കേണ്ടതാണ്.

7. ഏകജാലകം മുഖാന്തരം അപേക്ഷിക്കാനുള്ള യോഗ്യത

കേരള ഹയർ സെക്കന്ററി പരീക്ഷയോ അതിന് തത്തുല്യമായി കാലിക്കറ്റ് യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള പരീക്ഷയോ പാസ്സായവരും ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യർ എന്ന് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളവരും ബിരുദ പ്രവേശനത്തിന് യോഗ്യരാണ്.

... go to content page...

കാലിക്കറ്റ് യൂണിവേഴ്സിറ്റി ബിരുദമോ തത്തുല്യമായി യോഗ്യതയോ ഉള്ളവർ ബിരുദാനന്തര പ്രവേശനത്തിന് യോഗ്യരാണ്.

വിവിധ കോഴ്സുകൾക്ക്/പ്രോഗ്രാമുകൾക്ക് അഡ്മിഷൻ നേടുന്നതിനുള്ള വിശദമായ യോഗ്യതാവിവരം, ഇൻഡക്സ് ചെയ്യുന്ന രീതി എന്നിവ www.cuonline.ac.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്നതിനു മുൻപ് ലഭ്യമാക്കുന്നതാണ്.

കേരള ഹയർസെക്കന്ററി പരീക്ഷയുടെയും വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയുടെയും സേ പരീക്ഷ പാസ്സായവരും, സി.ബി.എസ്.ഇ. പരീക്ഷയുടെ കംപാർട്ട്മെന്റൽ പരീക്ഷ പാസ്സായവരും അതാത് അക്കാദമിക്ക് വർഷത്തെ പ്രവേശനത്തിന് യോഗ്യരാണ്.

8. നോഡൽ സെന്ററുകൾ

എല്ലാ കോളേജുകളിലും അഡ്മിഷൻ സംബന്ധമായ കാര്യങ്ങൾക്ക് കോളേജിനും യൂണിവേഴ്സിറ്റിക്കും വിദ്യാർത്ഥികൾക്കും സഹായഹസ്തമായി പ്രവർത്തിക്കാൻ നോഡൽ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. നോഡൽ സെന്ററുകൾ വഴി വിദ്യാർത്ഥികൾക്ക് റജിസ്ട്രേഷൻ, എഡിറ്റിംഗ്, ഓപ്ഷൻ പുനഃക്രമീകരണം, ഹയർ ഓപ്ഷൻ റദ്ദാക്കൽ എന്നിവ ചെയ്യാവുന്നതാണ്.

സെൻട്രലൈസ്ഡ് അഡ്മിഷൻ പ്രോസസ് (സി.എ.പി) സംബന്ധമായ സംശയനിവരാണത്തിനും നോഡൽ സെന്ററുകളെ ആശ്രയിക്കാവുന്നതാണ്.

നോഡൽ സെന്ററുകളുടെയും, നോഡൽ ഓഫീസർമാരുടെയും വിശദാംശങ്ങൾ www.cuonline.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

8. റജിസ്ട്രേഷൻ

9.1. ഓൺലൈൻ രജിസ്ട്രേഷനുള്ള നിർദ്ദേശങ്ങൾ: (www.cuonline.ac.in) സന്ദർശിക്കുക

സെൻട്രലൈസ്ഡ് അഡ്മിഷൻ പ്രോസസ്സ് മുഖാന്തരമുള്ള ഒന്നാം വർഷ ഡിഗ്രി/പി.ജി./അഫ്സൽ ഉൽ ഉലമ പ്രിലിമിനറി/ബി.എഡ്/എം.എഡ്/ പ്രവേശന പരീക്ഷ മുഖാന്തരമുള്ള അഡ്മിഷൻ എന്നിവയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ രണ്ടു ഘട്ടങ്ങളായിട്ടാണ് നടത്തുന്നത്.

ഒന്നാം ഘട്ടം : ഫീസ് അടയ്ക്കുക. ഓൺലൈൻ വഴി മാത്രം

രണ്ടാം ഘട്ടം : ഓൺലൈൻ അപേക്ഷ സമർപ്പണം

... go to content page...

താഴെ പറയുന്ന രേഖകൾ തയ്യാറാക്കി വെയ്ക്കുക.

1. ജനന തീയതി : എസ്.എസ്. എൽ.സി. സർട്ടിഫിക്കറ്റിന്റെ കോപ്പി

2. മൊബൈൽ നമ്പർ: (അപേക്ഷകന്റെയോ/അപേക്ഷകന്റെ മാതാപിതാക്കളുടെയോ/രക്ഷാകർത്താവിന്റെയോ മാത്രം സമർപ്പിക്കുക. ഒരു കാരണവശാലും ഇന്റർനെറ്റ് കഫേകളുടെയോ, അപേക്ഷ പൂരിപ്പിക്കുന്നതിനായി സമീപിച്ചിട്ടുള്ള മറ്റു ഏജൻസികളുടെയോ മൊബൈൽ നമ്പർ നൽകരുത്. (അലോട്ട്മെന്റ് പോലുള്ള സുപ്രധാനമായ പല കാര്യങ്ങളും SMS വഴിയാണ് അറിയിക്കുന്നത്. പ്രധാനപ്പെട്ട ഈ വിവരങ്ങളും മറ്റും മൊബൈൽ നമ്പർ സമർപ്പിക്കാത്തപക്ഷം അറിയാതെ പോകുവാൻ ഇടയുണ്ട്.)

3. ഇ-മെയിൽ : (അപേക്ഷകന്റെയോ/അപേക്ഷകന്റെ മാതാപിതാക്കളുടെയോ/ രക്ഷാകർത്താവിന്റെയോ മാത്രം സമർപ്പിക്കുക.) ഒരു കാരണവശാലും ഇന്റർനെറ്റ് കഫേകളുടെയോ, അപേക്ഷ പൂരിപ്പിക്കുന്നതിനായി സമീപിച്ചിട്ടുള്ള മറ്റു ഏജൻസികളുടെയോ ഇ-മെയിൽ ഐ.ഡി. നൽകരുത്. ഇ-മെയിൽ ഇല്ലാത്തവർ ഒരു ഐ.ഡി. സ്വന്തമായി ഉണ്ടാക്കുക.

അലോട്ട്മെന്റ് പോലുള്ള സുപ്രധാനമായ പല കാര്യങ്ങളും ഇ-മെയിൽ മുഖാന്തരവും അറിയിക്കുന്നതാണ്.

4. അപേക്ഷ ഫീസ് : ഓരോ പ്രവേശന വിജ്ഞാപനത്തിലും പ്രതിപാദിച്ചിട്ടുള്ള ഫീസ്

ഫീസ് അടയ്ക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

1. **https://www.uoc.ac.in URL ഉപയോഗിക്കുക**

2. വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള instant pay ക്ലിക്ക് ചെയ്യുക. ഓരോ പ്രവേശന വിജ്ഞാപനത്തിലും പ്രതിപാദിച്ചിട്ടുള്ള ഫീസ് തെരഞ്ഞെടുത്ത് സമർപ്പിക്കുക.

3. തുടർന്നു വരുന്ന സ്ക്രീനിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ രേഖപ്പെടുത്തുക. (മൊബൈൽ നമ്പർ & ഇ-മെയിൽ എന്നിവ (അപേക്ഷകന്റെയോ/രക്ഷാകർത്താവിന്റെയോ മാത്രം രേഖപ്പെടുത്തുക.

4. ഫീസ് അടയ്ക്കാൻ ഉദ്ദേശിക്കുന്ന വിധം രേഖപ്പെടുത്തുക.

കേരളത്തിലെ അപേക്ഷകർക്ക് താഴെ പറയുന്ന വിധത്തിൽ ഫീസ് അടയ്ക്കാവുന്നതാണ്

... go to content page...

(എ) സ്റ്റേറ്റ് ബാങ്ക് ഓൺലൈൻ (ഇന്റർനെറ്റ് പേയ്മെന്റ് സൗകര്യമുള്ളവർക്ക് മാത്രം

(ബി) പേയ്മെന്റ് ഗെയ്റ്റവേ

(സി) നോഡൽ സെന്റർ (കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ നോഡൽ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. (ലിസ്റ്റ് www.cuonline.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) അക്ഷയകേന്ദ്രങ്ങൾ

(ഇ) ജനസേവനകേന്ദ്രങ്ങൾ

(എഫ്) ഇന്റർനെറ്റ് പേയ്മെന്റ് സൗകര്യം പ്രദാനം ചെയ്യുന്ന മറ്റു സ്ഥാപനങ്ങൾ

സ്റ്റേറ്റ് ബാങ്ക് ഓൺലൈൻ പേയ്മെന്റ് തെരഞ്ഞെടുക്കുന്നവർ താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

(എ) സ്റ്റേറ്റ് ബാങ്ക് ഓൺലൈൻ പേയ്മെന്റ് (ഇന്റർനെറ്റ് പേയ്മെന്റ് സൈറ്റിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ഫീസ് അടയ്ക്കുക)

(ബി) ഫീസ് അടച്ച ഉടനെ തന്നെ റെജിസ്ട്രേഷൻ സമയത്ത് സമർപ്പിച്ച മൊബൈൽ നമ്പറിലേക്ക് CAP ഐ.ഡി. നമ്പർ. പാസ്വേർഡ് എന്നിവ എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്.

(സി) പ്രവേശന പരീക്ഷ മുഖാന്തരമുള്ള അഡ്മിഷന് ഫീസ് അടച്ച ഉടനെതന്നെ റെജിസ്ട്രേഷൻ സമയത്ത് സമർപ്പിച്ച മൊബൈൽ നമ്പറിലേക്ക് ചെല്ലാൻ നമ്പർ, പാസ്വേർഡ് എന്നിവ എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്.

എസ്.എം.എസ്. ലഭിച്ചതിനുശേഷം ഓൺലൈൻ അപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.

രണ്ടാം ഘട്ടം: ഡിഗ്രി/പി.ജി/അഫ്സൽ ഉൽ ഉലമ പ്രിലിമിനറി/ബി. എഡ്/എം.എഡ് കോഴ്സുകളിലേക്ക്/പ്രോഗ്രാമുകളിലേക്ക് അഡ്മിഷനായുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ താഴെ പറയുന്ന രേഖകൾ തയ്യാറാക്കി വെക്കുക.

1. ക്യാപ് ഐ.ഡി നമ്പർ/ചെലാൻ നമ്പർ, പാസ്വേർഡ് (മൊബൈലിൽ ലഭിച്ചത്)

2. യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ്

... go to content page...

3. 20 kb ക്കും 40 kb ക്കും ഇടയിലുള്ള .jpg ഫോർമാറ്റിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ.

4. അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന കോളേജ്/കോഴ്സ്, മുൻഗണന പ്രകാരം തയ്യാറാക്കുക. ഒരു അപേക്ഷകന് വിവിധ കോളേജുകളിൽ നിന്നുമായി വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള അത്രയും കോഴ്സുകൾ/പ്രോഗ്രാമുകൾ തെരഞ്ഞെടുത്ത് സമർപ്പിക്കാവുന്നതാണ്. കോളേജ്/കോഴ്സ്, എന്നിവയുടെ ലിസ്റ്റ് www.cuonline.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ കോളേജുകളിലെയും, എയിഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെയും ഫീസ് ഗവണ്മെന്റ് കോളേജുകളിലെ ഫീസ് നിരക്കിൽ നിന്നും വ്യത്യസ്തമായിരിക്കും. അതാത് വർഷത്തെ ഫീസ് ഘടന പ്രവേശന വിജ്ഞാപനത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

5. ബി.പി.എൽ വിഭാഗത്തിൽ അപേക്ഷിക്കുന്ന മുന്നോക്ക സമുദായക്കാർ വരുമാന സർട്ടിഫിക്കറ്റ് തയ്യാറാക്കി വെയ്ക്കേണ്ടതാണ്.

ഡിഗ്രി/പി.ജി/അഫ്സൽ ഉൽ ഉലമ പ്രിലിമിനറി/ബി.എഡ്/എം.എഡ് എന്നീ കോഴ്സുകളിലേക്ക് / പ്രോഗ്രാമുകളിലേക്ക് ഓൺലൈൻ അപേക്ഷ സമർപ്പണം നടത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

www.cuonline.ac.in -UG/PG Registration എന്ന ലിങ്കിൽ ക്യാപ് ഐ.ഡി, പാസ്വേർഡ് നല്കി റജിസ്ട്രേഷൻ ആരംഭിക്കുക.

നാല് ഭാഗങ്ങളായിട്ടാണ് ഓൺലൈൻ അപേക്ഷ സമർപ്പണം നടക്കുക.

ഭാഗം (1)

(എ) ഫോട്ടോ അപ്പ്ലോഡ് ചെയ്യുക. (20 kb ക്കും 40 kb ക്കും ഇടയിലുള്ള .jpg ഫോർമാറ്റിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ)

ഭാഗം (2)

(എ) പ്രാഥമിക വിവരങ്ങൾ

ഒഴിഞ്ഞ കോളങ്ങളിൽ പ്രസക്ത വിവരങ്ങൾ സമർപ്പിക്കുക.

(ബി) വ്യക്തിഗത വിവരങ്ങൾ

1. സംവരണവിഭാഗക്കാർ അവർക്ക് അർഹതയുള്ള വിവരങ്ങൾ മാത്രം നൽകുക. അല്ലാത്തപക്ഷം ലഭിക്കുന്ന പ്രവേശനം നിരസിക്ക

... go to content page...

പ്പെടുന്നതായിരിക്കും. (വരുമാന സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് സമർപ്പിക്കേണ്ടതാണ്.)

2. ബി.പി.എൽ വിഭാഗക്കാർ വരുമാന സർട്ടിഫിക്കറ്റിന്റെ ഉത്തരവ് നമ്പർ, തിയ്യതി, സർട്ടിഫിക്കറ്റ് നല്കിയ അധികാരി എന്നിവ രേഖപ്പെടുത്തുക. പ്രസ്തുത സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് കോളേജിൽ സമർപ്പിക്കേണ്ടതാണ്.

3. വെയിറ്റേജ് വിവിധ തരത്തിലുള്ള വെയിറ്റേജിന് അർഹരായിട്ടുള്ള അപേക്ഷകർ പ്രസ്തുത വിവരം രേഖപ്പെടുത്തേണ്ടതാണ്.

രേഖപ്പെടുത്തിയ വിവരങ്ങൾ എഡിറ്റ് ചെയ്യാവുന്നതാണ്. എഡിറ്റ് ചെയ്തതിന് ശേഷമോ അല്ലാതെയോ അടുത്ത ഭാഗത്തിലേക്ക് പോകുന്നതിനായി ""SAVE AND PROCEED" ക്ലിക്ക് ചെയ്യുക.

ഭാഗം (3) 1. ഈ ഭാഗത്തിൽ എത്ര തവണ എടുത്താണ് പരീക്ഷ പാസായത് എന്ന് രേഖപ്പെടുത്തുക. ആദ്യതവണയ്ക്ക് ശേഷം തുടർന്ന് എടുത്തിട്ടുള്ള ഓരോ തവണയ്ക്കും 10 മാർക്ക് നഷ്ടമാവുന്നതാണ് (പരമാവധി 25 മാർക്ക്)

2. യോഗ്യത പരീക്ഷയുടെ ബോർഡ്/യൂണിവേഴ്സിറ്റി രേഖപ്പെടുത്തുക

3. യോഗ്യത പരീക്ഷയുടെ ബോർഡ്/യൂണിവേഴ്സിറ്റി പരീക്ഷയുടെ സ്ട്രീം തെരഞ്ഞെടുക്കുക. സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ് തുടങ്ങിയവ) ഓരോ സ്ട്രീമിനു കീഴിൽ വരുന്ന വിവിധ കോംബിനേഷൻ തെരഞ്ഞെടുക്കുക.

4. സ്ക്രീനിൽ മാർക്ക് സ്വമേധയ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ശരിയാണ് എന്ന് ഉറപ്പുവരുത്തുക. മറ്റുള്ളവർ മാർക്ക് രേഖപ്പെടുത്തുക.

5. മാർക്ക് എൻട്രി മാർക്ക് രേഖപ്പെടുത്തുമ്പോൾ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

5. ഈ ഭാഗത്ത് രേഖപ്പെടുത്തിയ വിവരങ്ങളും എഡിറ്റ് ചെയ്യാവുന്നതാണ്.

അടുത്ത ഭാഗത്തിലേക്ക് പോകുന്നതിനായി ""SAVE AND PROCEED" ക്ലിക്ക് ചെയ്യുക.

ഭാഗം (4) ഈ ഭാഗത്തിൽ അപേക്ഷകർ ഉദ്ദേശിക്കുന്ന കോളേജ്, കോഴ്സ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

... go to content page...

മുൻഗണനാക്രമത്തിൽ നേരത്തെ തയ്യാറാക്കിവെച്ച കോളേജ്, കോഴ്സ് ലിസ്റ്റ് എന്റർ ചെയ്യുക.

എയിഡഡ് കോളേജിലെ കമ്മ്യൂണിറ്റി ക്വോട്ടയിൽ അപേക്ഷിക്കാൻ ഉദ്ദേശിക്കുന്നവർ കോളേജ്, കോഴ്സ് എന്നിവ രേഖപ്പെടുത്തുക. സമർപ്പിച്ച ഓപ്ഷന് കാണാവുന്നതും ആവശ്യമെങ്കിൽ എഡിറ്റ് ചെയ്യാവുന്നതാണ്. അതല്ലെങ്കിൽ വെരിഫിക്കേഷൻ പ്രിന്റ് ഔട്ട് എടുത്ത് രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തിയതിനുശേഷം അന്തിമസമർപ്പണം നടത്തുകയും പ്രിന്റ് എടുക്കുകയും ചെയ്യുക.

9.2. പ്രവേശന പരീക്ഷ മുഖാന്തരമുള്ള രജിസ്ട്രേഷന്റെ രണ്ടാം ഘട്ടം

പ്രവേശന പരീക്ഷയുള്ള ബിരുദ/ബിരുദാനന്തര കോഴ്സുകളിലേക്ക് /പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കുന്നതിന് www.cuonline.ac.in - PG/UG > UG Entrance/PG Entrance എന്ന ലിങ്കിൽ ചെലാൻ നമ്പറും പാസ്വേർഡും നല്കി റജിസ്ട്രേഷൻ ആരംഭിക്കുക. (പ്രവേശന പരീക്ഷയുള്ള ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക്/പ്രോഗ്രാമുകൾക്ക് ക്യാപ് ഐ.ഡി ഉണ്ടായിരിക്കുന്നതല്ല)

എ) എൻട്രൻസ് പരീക്ഷാ സെന്റർ/ ജില്ല തെരഞ്ഞെടുക്കുക.

ബി) ഫോട്ടോ അപ്ലോഡ് ചെയ്യുക. (20 kb ക്കും 40 kb ക്കും ഇടയിലുള്ള .jpg ഫോർമാറ്റിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ)

സി) പ്രാഥമിക വിവരങ്ങൾ വ്യക്തിഗത വിവരങ്ങൾ - ഒഴിഞ്ഞ കോളങ്ങളിൽ പ്രസക്ത വിവരങ്ങൾ സമർപ്പിക്കുക.

ഡി) മാർക്ക് രേഖപ്പെടുത്തുക.

ഇ) അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ കോളേജ് / സെന്റർ/ ഡിപ്പാർട്ട്മെന്റ് തെരഞ്ഞെടുക്കുക.

രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം അന്തിമ സമർപ്പണം നടത്തുക. എൻട്രൻസ് പരീക്ഷാ തിയ്യതി www.cuonline.ac.in ൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

9.2.1. ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യേണ്ടവിധം

1. പ്രവേശന പരീക്ഷാ തിയ്യതിക്ക് മൂന്ന് ദിവസം മുമ്പായി വിദ്യാർത്ഥികൾക്ക് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. എൻട്രൻസ് പരീക്ഷാ സെന്റർ യൂണിവേഴ്സിറ്റി അലോട്ട് ചെയ്യുന്നതാണ്.

... go to content page...

2. അപേക്ഷാ പ്രിന്റ് ഔട്ടിന്റെ മുകളിൽ ഇടതുവശത്ത് ലഭ്യമാവുന്ന ഓൺലൈൻ ID യും ജനനതിയ്യതിയും ഉപയോഗിച്ച് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം.

9.2. പ്രവേശന പരീക്ഷ – അലോട്ട്മെന്റ്/പ്രവേശനം

യൂണിവേഴ്സിറ്റിയുടെ പ്രവേശന റജിസ്ട്രേഷൻ ഇല്ലാത്തവർക്ക് യാതൊരു കാരണവശാലും മാനേജ്മെന്റ്/സ്പോർട്സ്/സമുദായ/സംവരണ സീറ്റുകളിൽ പ്രവേശനം ലഭിക്കുന്നതല്ല. മെറിറ്റ് /മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം തേടുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈനിൽ അപേക്ഷിക്കേണ്ടതും അപേക്ഷയുടെ പ്രിന്റ് ഔട്ട് പ്രവേശന സമയത്ത് നിശ്ചിത ഡിപ്പാർട്ട്മെന്റ്/സെന്റർ / കോളേജിൽ സമർപ്പിക്കേണ്ടതുമാണ്.

9.3. പ്രത്യേക ശ്രദ്ധയ്ക്ക്

രജിസ്ട്രേഷന്റെ വേളയിൽ ഏതെങ്കിലും ഭാഗത്തിൽ പിന്നീട് തുടരാം എന്ന് ഉദ്ദേശിക്കുന്ന പക്ഷം ലോഗ് ഔട്ട് ചെയ്യുക.

രജിസ്ട്രേഷന്റെ വേളയിൽ ഒരു കാരണവശാലും ബാക്ക് ബട്ടൺ ഉപയോഗിക്കരുത്.

രജിസ്ട്രേഷന് ഉപയോഗിക്കുന്ന കമ്പ്യൂട്ടർ ഐ.പി. അഡ്രസ്സ് യൂണിവേഴ്സിറ്റി ശേഖരിക്കുന്നതാണ്. കുറ്റകരമായ ക്രമക്കേടുകൾ ബോധപൂർവ്വം വരുത്തുന്നത് സൈബർ നിയമപ്രകാരം ശിക്ഷാർഹമാണ്.

ഏതെങ്കിലും തരത്തിലുള്ള തെറ്റായ വിവരങ്ങൾ സമർപ്പിക്കുന്നത് കുറ്റകരവും, അഡ്മിഷൻ റദ്ദ് ചെയ്യുന്നതിന് കാരണമാവുകയും ചെയ്യുന്നതാണ്. സമർപ്പിക്കുന്ന വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തേണ്ടത് അപേക്ഷകന്റെ ഉത്തരവാദിത്തമാണ്.

മാർക്ക് ഇംപ്രൂവ്മെന്റ്, റീവാല്യുവേഷൻ മുതലായവ കാരണം റെജിസ്ട്രേഷന്റെ അവസാന തിയ്യതിക്കുശേഷം മാർക്ക് മാറിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത മാർക്കുകൾ മൂന്നാം അലോട്ട്മെന്റിനു ശേഷമേ പരിഗണിക്കുകയുള്ളൂ. ഇതിനായി നോഡൽ സെന്ററുകൾ മുഖാന്തരം പുതിയ മാർക്ക് ഷീറ്റ് സ്കാൻ ചെയ്ത് യൂണിവേഴ്സിറ്റിയിലേക്ക് ഇ-മെയിൽ മുഖാന്തരം അയക്കേണ്ടതാണ്.

സി.എ.പി ഐ.ഡി/ ഓൺലൈൻ ഐ.ഡി/ചലാൻ നമ്പർ/പാസ്വേർഡ് എന്നിവ രജിസ്ട്രേഷൻ ആരംഭിച്ച് അഡ്മിഷൻ അവസാനിക്കുന്നതിന് ഇടയിൽ നഷ്ടപ്പെടുന്നപക്ഷം വിദ്യാർത്ഥികൾക്ക്

... go to content page...

ആയത് താഴെപറയുന്ന ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് തിരികെ ലഭിക്കുന്നതാണ്.

(എ) രജിസ്ട്രേഷൻ പേജിന്റെ ചുവടെ നല്കിയിട്ടുള്ള "FORGOT PASSWORD' ഉപയോഗിക്കാവുന്നതാണ്.

ഇത്തരത്തിൽ നഷ്ടപ്പെടുന്ന എല്ലാ വിവരങ്ങളും രജിസ്ട്രേഷൻ സമയത്ത് സമർപ്പിച്ചിട്ടുള്ള മൊബൈൽ നമ്പറിലേക്ക് ലഭിക്കുന്നതാണ്.

10. എഡിറ്റിംഗ്

ഓരോ വിദ്യാർത്ഥിക്കും അപേക്ഷ "അന്തിമ സമർപ്പണം' നടത്തുന്നത് വരെ എഡിറ്റ് ചെയ്യുന്നതിനുള്ള അവസരം ഉണ്ടായിരിക്കും.

ആയതിനാൽ വെരിഫിക്കേഷൻ പ്രിന്റ് ഔട്ട് എടുത്ത് രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം അന്തിമസമർപ്പണം നടത്തുക.

അന്തിമസമർപ്പണത്തിനു ശേഷം എന്തെങ്കിലും എഡിറ്റ് ചെയ്യുന്നതിന് വിവിധ കോളേജുകളിൽ പ്രവർത്തിക്കുന്ന നോഡൽ സെന്ററുകളിൽ മാത്രമേ സാധിക്കുകയുള്ളൂ. ഇതിനായി വിദ്യാർത്ഥികൾ ഏറ്റവും അടുത്തുള്ള നോഡൽ സെന്ററുമായി ബന്ധപ്പെടുക.

11. ഹയർ ഓപ്ഷൻ റദ്ദാക്കൽ

എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാക്കാൻ നോഡൽ സെന്ററുകൾ മുഖാന്തരമേ സാധ്യമാവുകയുള്ളൂ. ഹയർ ഓപ്ഷനുകൾ ഭാഗികമായി റദ്ദ് ചെയ്യുന്നിന് വിദ്യാർത്ഥികൾക്ക് നേരിട്ടോ അല്ലെങ്കിൽ അക്ഷയ കേന്ദ്രം, നോഡൽ സെന്റർ, ഇൻർനെറ്റ് പേയ്മെന്റ് സൗകര്യം പ്രദാനം ചെയ്യുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവയുടെയോ സേവനം ഉപയോഗിക്കാവുന്നതാണ്. ഹയർ ഓപ്ഷനുകൾ ഭാഗികമായി റദ്ദാക്കുന്നതിന് വിദ്യാർത്ഥികൾക്ക് സ്വന്തം ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് ലോഗിൻ ചെയ്തതിന് ശേഷം ആവശ്യമില്ലാത്ത ഓപ്ഷനുകൾ റദ്ദാക്കാവുന്നതാണ്.

12. കോളേജ് കോഴ്സ് പുനഃക്രമീകരണം

ട്രയൽ അലോട്ട്മെന്റിനുശേഷം നേരത്തെ സമർപ്പിച്ച കോളേജ്, കോഴ്സ് ഓപ്ഷനുകൾ പുനഃക്രമീകരിക്കാവുന്നതാണ്. ഇതിനായി വിദ്യാർത്ഥിയുടെ ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് ലോഗിൻ ചെയ്ത് കോളേജ് കോഴ്സ് ഓപ്ഷൻ ഡ്രാഗ് ആന്റ് ഡ്രോപ് സൗകര്യം ഉപ

... go to content page...

യോഗിച്ച് പുനഃക്രമീകരിക്കാവുന്നതാണ്. പുതിയ കോളേജോ, കോഴ്സുകളോ, ഈ അവസരത്തിൽ കൂട്ടിച്ചേർക്കാൻ സാധിക്കുന്നതല്ല.

13. അലോട്ട്മെന്റ്

എല്ലാ വിഭാഗങ്ങളിലേക്കും നാല് അലോട്ട്മെന്റുകളും എസ്.സി/എസ്.ടി/ബി.പി.എൽ (മുന്നോക്ക വിഭാഗക്കാർക്ക് രണ്ട് പ്രത്യേക അലോട്ട്മെന്റുകളും നടത്തുന്നതാണ്.

ഓരോ അലോട്ട്മെന്റിലും ലഭിച്ച ഓപ്ഷന് താഴെയുള്ള എല്ലാ ഓപ്ഷനുകളും സ്ഥിരമായി നഷ്ടപ്പെടുന്നതാണ്. പ്രസ്തുത ഓപ്ഷനുകൾ യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതല്ല.

ആയതിനാൽ ലഭിച്ച ഓപ്ഷനിൽ തൃപ്തരായ വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾക്ക് പരിഗണിക്കേണ്ടതില്ലെങ്കിൽ നിർബന്ധമായും ഹയർ ഓപ്ഷൻ റദ്ദ് ചെയ്യേണ്ടതാണ്.

13.1. ട്രയൻ അലോട്ട്മെന്റ്

റജിസ്ട്രേഷൻ തീയതി അവസാനിച്ചതിനുശേഷം മുൻകൂട്ടി പ്രഖ്യാപിക്കുന്ന തീയതിയിൽ ഒരു ട്രയൽ അലോട്ട്മെന്റ് നടത്തുന്നതാണ്.

ട്രയൽ അലോട്ട്മെന്റിനുശേഷം വിദ്യാർത്ഥികൾക്ക് നേരത്തേ സമർപ്പിച്ചിട്ടുള്ള ഓപ്ഷനുകൾ പുനഃക്രമീകരിക്കാവുന്നതാണ്. (ഖണ്ഡിക 12 കാണുക).

13.2. ഒന്നാം അലോട്ട്മെന്റ്

ഷെഡ്യൂൾ പ്രകാരമുള്ള തീയതിയിൽ ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. ഒന്നാം അലോട്ട്മെന്റിനുശേഷം അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് ഉറപ്പിക്കുന്നതിനായി മാൻഡേറ്ററി ഫീ അടയ്ക്കേണ്ടതാണ്. മാൻഡേറ്ററി ഫീ അടയ്ക്കാത്തവരെ തുടർന്നുള്ള അലോട്ട്മെന്റുകൾക്ക് പരിഗണിക്കുന്നതല്ല. ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്.

(മാൻഡേറ്ററി ഫീസ് സംബന്ധിച്ച വിശദാംശങ്ങൾക്ക് ഖണ്ഡിക 6 കാണുക).

13.3. രണ്ടാം അലോട്ട്മെന്റ്

ഷെഡ്യൂൾ പ്രകാരമുള്ള തീയതിൽ രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. പുതുതായി അലോട്ട്മെന്റ് ലഭിച്ച എല്ലാ

... go to content page...

വിദ്യാർത്ഥികളും നിശ്ചിത സമയപരിധിക്കുള്ളിൽ മാൻഡേറ്ററി ഫീസ് അടയ്ക്കേണ്ടതാണ്. മാൻഡേററി ഫീസ് അടയ്ക്കാത്തവരെ തുടർന്നുള്ള അലോട്ട്മെന്റുകൾക്ക് പരിഗണിക്കുന്നതല്ല. ഒന്നാമത്തെ അലോട്ട്മെന്റ് ലഭിച്ചപ്പോൾ മാൻഡേററി ഫീസ് അടച്ച വിദ്യാർത്ഥികൾ വീണ്ടും മാൻഡേറ്ററി അടക്കേണ്ടതില്ല. ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്.

13.4. മൂന്നാമത്തെ അലോട്ട്മെന്റ്

ഷെഡ്യൂൾ പ്രകാരമുള്ള തീയതിയിൽ മൂന്നാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. പുതുതായി അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും നിശ്ചിത സമയപരിധിക്കുള്ളിൽ മാൻഡേറ്ററി ഫീ അടയ്ക്കേണ്ടതാണ്. മാൻഡേറ്ററി ഫീ അടയ്ക്കാത്തവരെ തുടർന്നുള്ള അലോട്ട്മെന്റുകൾക്ക് പരിഗണിക്കുന്നതല്ല. മൂന്നാമത്തെ അലോട്ട്മെന്റിനുശേഷം ഇതുവരെ അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അതാത് കോളജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

ഒന്നാമത്തെ ഓപ്ഷൻ ലഭിച്ചവരും, 1, 2, 3 അലോട്ട്മെന്റിൽ ലഭിച്ച ഓപ്ഷനിൽ തൃപ്തരായവരും ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്തും സ്ഥിരം അഡ്മിഷൻ എടുക്കേണ്ടതാണ്.

1, 2, 3 അലോട്ട്മെന്റ് ലഭിച്ച മറ്റുള്ളവർക്ക് ഹയർ ഓപ്ഷൻ നിലനിർത്തിക്കൊണ്ട് താത്കാലിക അഡ്മിഷൻ എടുത്ത് തുടർന്നുള്ള അലോട്ട്മെന്റിന് കാത്തിരിക്കാവുന്നതാണ്.

13.5. നാലാമത്തെ അലോട്ട്മെന്റ്

ഷെഡ്യൂൾ പ്രകാരമുള്ള തീയതിയിൽ നാലാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. പുതുതായി അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും നിശ്ചിത സമയപരിധിക്കുള്ളിൽ മാൻഡേറ്ററി ഫീ അടയ്ക്കേണ്ടതാണ്. മാൻഡേറ്ററി ഫീ അടയ്ക്കാത്തവരെ തുടർന്നുള്ള അഡ്മിഷനുകൾക്ക് പരിഗണിക്കുന്നതല്ല. 1, 2, 3, 4 അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അതാത് കോളേജിൽ നിർബന്ധമായും സ്ഥിരം അഡ്മിഷൻ എടുക്കേണ്ടതാണ്.

ഒന്നാമത്തെ ഓപ്ഷൻ ലഭിച്ചവരും, ലഭിച്ച ഓപ്ഷനിൽ തൃപ്തരായവരും ഹയർ ഓപ്ഷനുകൾ റദ്ദാക്കി സ്ഥിരം അഡ്മിഷൻ എടുക്കേണ്ടതാണ്.

1, 2, 3, 4 അലോട്ട്മെന്റ് ലഭിച്ച മറ്റുള്ളവർക്ക് ഹയർ ഓപ്ഷനുകൾ നിലനിർത്തി കൊണ്ട് സ്ഥിരം അഡ്മിഷൻ എടുക്കാവുന്നതാണ്.

... go to content page...

പിന്നീട് കോളേജുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യൂനിവേഴ്സിറ്റിയിൽ നിന്നും നൽകുന്ന ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്.

ഇത്തരം ഒഴിവുകളിലേക്ക് പ്രവേശനം നൽകുമ്പോൾ ഹയർ ഓപ്ഷനുകൾ നിലനിർത്തിക്കൊണ്ട് സ്ഥിരം അഡ്മിഷൻ എടുത്ത വിദ്യാർത്ഥികളെയും, 1, 2, 3, 4 അലോട്ട്മെന്റിനു ശേഷവും അഡ്മിഷൻ ലഭിക്കാത്തവരും എന്നാൽ അതാത് കോളേജിൽ പ്രസ്തുത കോഴ്സിനു അപേക്ഷിച്ചിട്ടുള്ളവരുമായ വിദ്യാർത്ഥികളെയും മാത്രമേ പരിഗണിക്കുകയുള്ളു. ആയതിനാൽ നാലാമത്തെ അലോട്ട്മെന്റിനു ശേഷം യൂനിവേഴ്സിറ്റിയിൽനിന്നും നൽകുന്ന ലിസ്റ്റിൽ നിന്നും ഒഴിവുകൾ കോളേജുകൾ നികത്തുമ്പോൾ അഡ്മിഷനു പരിഗണിക്കാൻ ആഗ്രഹിക്കുന്നവർ, ഹയർ ഓപ്ഷൻ നിലനിർത്തുക്കൊണ്ട് സ്ഥിരം അഡ്മിഷൻ എടുക്കേണ്ടതാണ്.

13.6. സ്പെഷ്യൽ അലോട്ട്മെന്റ്

നാലാമത്തെ അലോട്ട്മെന്റിനുശേഷം എസ്.സി/എസ്.ടി/ബി.പി.എൽ (മുന്നോക്ക വിഭാഗക്കാർ) എന്നിവർക്ക് രണ്ട് സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്.

മേൽപറഞ്ഞ കാറ്റഗറികളിലുള്ള ഒഴിവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഒഴിവുകൾ പരിശോധിച്ചതിനുശേഷം പ്രസ്തുത കാറ്റഗറിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് റീ ഓപ്ഷൻ നടത്താവുന്നതാണ്.

ഇത്തരത്തിൽ റീ ഓപ്ഷൻ നൽകിയവരെ പുതിയ ഓപ്ഷനുകളിലേക്കും, റീ ഓപ്ഷൻ നൽകാത്തവരെ പഴയ ഓപ്ഷനുകളിലേക്കും അലോട്ട്മെന്റിനായി പരിഗണിക്കുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ചവർ മാൻഡേറ്ററി ഫീസ് അടച്ച് അതാത് കോളേജിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. മാൻഡേറ്ററി ഫീ അടയ്ക്കാത്തവരെ തുടർന്നുള്ള അലോട്ട്മെന്റുകൾക്ക് പരിഗണിക്കുന്നതല്ല. ഒരിക്കൽ മാൻഡേറ്ററി ഫീസ് അടച്ച വിദ്യാർത്ഥികൾ വീണ്ടും അടക്കേണ്ടതില്ല.

(പിന്നോക്ക വിഭാഗത്തിൽപ്പെട്ട ബി.പി.എൽ വിദ്യാർത്ഥികൾ പ്രസ്തുത അഡ്മിഷന് അർഹരല്ല)

14. അഡ്മിഷൻ

14.1. സ്ഥിരം അഡ്മിഷൻ

ഓരോ അലോട്ട്മെന്റിനുശേഷവും ഒന്നാമത്തെ ഓപ്ഷനിലേക്ക്

... go to content page...

അലോട്ട്മെന്റ് ലഭിച്ചവർക്കും ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായ വർക്കും സ്ഥിരം അഡ്മിഷൻ എടുക്കാവുന്നതാണ്. നാലാമത്തെ അലോട്ട്മെന്റിനുശേഷം അതുവരെ അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അതാത് കോളേജിൽ നിർബന്ധമായും സ്ഥിരം അഡ്മിഷൻ എടുക്കേണ്ടതാണ്.

14.2. താത്കാലിക അഡ്മിഷൻ

മൂന്നാമത്തെ അലോട്ട്മെന്റിന് ശേഷം അലോട്ട്മെന്റ് ലഭിച്ച് ഹയർ ഓപ്ഷനുകൾക്കായി കാത്തിരിക്കുന്ന എല്ലാ വിദ്യാർത്ഥികളും കോളേജുകളിൽ റിപ്പോർട്ട് ചെയ്ത് താത്ക്കാലിക അഡ്മിഷൻ എടുക്കേണ്ടതാണ്. താത്ക്കാലിക അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾ യാതൊരു വിധ ഫീസോ ഒറിജിനൽ സർട്ടിഫിക്കറ്റുകളോ നൽകേണ്ടതില്ല. എന്നാൽ അനക്സർ I ൽ കൊടുത്തിട്ടുള്ള ഫാറം അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾ പൂരിപ്പിച്ച് നൽകേണ്ടതാണ്.

15. കോളേജുകൾക്കുള്ള നിർദ്ദേശങ്ങൾ

15.1. എല്ലാ കോളേജുകളും ഓൺലൈൻ രജിസ്ട്രേഷന് മുൻപ് ഡയറക്ടറേറ്റ് ഓഫ് അഡ്മിഷന്റെ വെബ്സൈറ്റിലെ നിർദ്ദേശാനുസരണം. ഓരോ കോളേജിലും ലഭ്യമായ സീറ്റും കോഴ്സും പരിശോധിച്ചതിനുശേഷം മാർജിനിൽ ഇൻക്രീസ് ചേർത്ത് സീറ്റ് വിന്യാസം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സമർപ്പിക്കുന്ന സീറ്റ് വിന്യാസം ഒരു കാരണവശാലും തിരുത്താൻ അനുവദിക്കുന്നതല്ല.

15.2. മാർജിനൽ ഇൻക്രീസ്

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കോളേജ് ഡവലപ്പ്മെന്റ് കൗൺസിൽ പുറത്തിറക്കുന്ന മാർജിനൽ ഇൻക്രീസ് ഉത്തരവ് പ്രകാരം ഓരോ കോഴ്സിനും അനുവദനീയമായ സീറ്റുകൾ (സ്റ്റാറ്റ്യൂട്ടറി മാക്സിമം) വരെ മാർജിനൽ ഇൻക്രീസ് എടുക്കാവുന്നതാണ്.

അപ്രകാരം മാർജിനൽ ഇൻക്രീസ് എടുക്കുമ്പോൾ നിലവിൽ അനുവദിക്കപ്പെട്ട അംഗബലത്തോട് താഴെ പറയുന്ന സ്പെഷ്യൽ റിസർവേഷൻ കോട്ട സീറ്റുകൾ ചേർത്തതിനുശേഷം സ്റ്റാറ്റ്യൂട്ടറി മാക്സിമം വരെ മാർജിനൽ ഇൻക്രീസ് എടുക്കാവുന്നതാണ്.

1. സ്പോർട്ട്സ് കോട്ട
2. ലക്ഷദ്വീപ് കോട്ട
3. കാശ്മീർ വിദ്യാർത്ഥികൾ

... go to content page...

4. ആന്തമാൻ നിക്കോബർ ദ്വീപ് സമൂഹങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ.

5. മെന്റലി റിട്ടാർഡഡ്

6. ജുവൈൽ ജസ്റ്റിസ് കേന്ദ്രങ്ങളിലെ അന്തേവാസികൾ

7. അംഗപരിമിതം

15.2.1. സ്റ്റാറ്റ്യൂട്ടറി മാക്സിമം

ഓരോ വിഷയത്തിനും അനുവദനീയമായ സ്റ്റാറ്റ്യൂട്ടറി മാക്സിമം വരെ മാത്രമേ അഡ്മിഷൻ നടത്തുന്നതിന് സാധിക്കുകയുള്ളൂ. എന്നാൽ ഓരോ പ്രോഗ്രാമിനും അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളും പ്രസ്തുത പ്രോഗ്രാമിന്റെ സ്റ്റാറ്റ്യൂട്ടറി മാക്സിമവും ഒന്നാണെങ്കിൽ താഴെ പറയുന്ന സീറ്റുകളിലേക്കുള്ള അഡ്മിഷൻ സ്റ്റാറ്റ്യൂട്ടറി മാക്സിമത്തിന്റെ പുറത്ത് നടത്താവുന്നതാണ്. എന്നാൽ അപേക്ഷകർ ഇല്ലാത്തപക്ഷം പ്രസ്തുത സീറ്റ് മറ്റുവിഭാഗക്കാർക്ക് മാറ്റി നൽകുന്നതല്ല.

1. സ്പോർട്ട്സ് ക്വോട്ട

2. ലക്ഷദ്വീപ് ക്വോട്ട

3. കാശ്മീർ വിദ്യാർത്ഥികൾ

4. ആന്തമാൻ നിക്കോബർ ദ്വീപ് സമൂഹങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ

5. മെന്റലി റിട്ടാർഡഡ്

6. ജുവനൈൽ ജസ്റ്റിസ് കേന്ദ്രങ്ങളിലെ അന്തേവാസികൾ

7. അംഗപരിമിതർ

15.2.2. ഓരോ വിഷയത്തിന്റെയും സ്റ്റാറ്റ്യൂട്ടറി മാക്സിമം

എ. ബിരുദ കോഴ്സുകൾക്ക്

1. ലാംഗ്വേജ്	– 40
2. മാനേജ്മെന്റ്	– 50
3. അദർ സയൻസ്	– 36
4. സയൻസ് (മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി)	– 48
5. കൊമേഴ്സ്	– 60
6. ആർച്സ് വിഷയങ്ങൾ	– 60

... go to content page...

ബി. ബിരുദാനന്തര ബിരുദ കോഴ്സുകൾ

1. ലാംഗ്വേജ് – 20
2. മാനേജ്മെന്റ് – 20
3. സയൻസ് (മാത്തമാറ്റിക്സ് ഒഴികെ) – 12
4. മാത്തമാറ്റിക്സ് – 20
5. ഹ്യൂമാനിറ്റീസ് – 20

15.3. റിപ്പോർട്ടിംഗ്

ഓരോ അലോട്ട്മെന്റിനുശേഷവും ഒന്നാമത്തെ ഓപ്ഷനിലേക്ക് അലോട്ട്മെന്റ് ലഭിച്ചവരും ലഭിച്ച ഓപ്ഷനിൽ തൃപ്തരായവരും സ്ഥിരം അഡ്മിഷനായി റിപ്പോർട്ട് ചെയ്യുന്ന പക്ഷം അഡ്മിഷൻ നല്കുകയോ ഷെഡ്യൂൾ പ്രകാരം അഡ്മിഷനായി പ്രസിദ്ധീകരിച്ചിട്ടുള്ള തീയതിയിൽ റിപ്പോർട്ട് ചെയ്യുന്നതിനു നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരായവർക്ക് സ്ഥിരം അഡ്മിഷൻ നൽകുമ്പോൾ ഹയർ ഓപ്ഷൻ റദ്ദ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മൂന്നാമത്തെ അലോട്ട്മെന്റിന് ശേഷം റിപ്പോർട്ട് ചെയ്യുന്ന ഒന്നാമത്തെ ഓപ്ഷനിലേക്ക് അലോട്ട്മെന്റ് ലഭിച്ചവർക്കും ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർക്കും സ്ഥിരം അഡ്മിഷൻ നല്കേണ്ടതാണ്. റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ ഹയർ ഓപ്ഷനുകൾക്കായി പരിഗണിക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും താത്ക്കാലിക അഡ്മിഷൻ നല്കേണ്ടതാണ്. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും യാതൊരു ഫീസും വാങ്ങിക്കാൻ പാടുള്ളതല്ല. (*ഖണ്ഡിക 14.2. കാണുക*)

നാലാമത്തെ അലോട്ട്മെന്റിന് ശേഷം റിപ്പോർട്ട് ചെയ്യുന്ന, ഒന്നാമത്തെ ഓപ്ഷനിലേക്ക് അലോട്ട്മെന്റ് ലഭിച്ചവർക്കും ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർക്കും സ്ഥിരം അഡ്മിഷൻ നല്കേണ്ടതാണ്.

നാലാമത്തെ അലോട്ട്മെന്റിന് ശേഷം കോളേജുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യൂണിവേഴ്സിറ്റിയിൽ നിന്നും നൽകുന്ന ലിസ്റ്റിൽ നിന്നും നികത്താവുന്നതാണ്. പ്രസ്തുത അഡ്മിഷന് പരിഗണിക്കാൻ ആഗ്രഹിക്കുന്നവർ, ഹയർ ഓപ്ഷൻ നിലനിർത്തിക്കൊണ്ട് നാലാമത്തെ അലോട്ട്മെന്റിന് ശേഷം സ്ഥിരം അഡ്മിഷൻ എടുക്കേണ്ടതാണ്.

... go to content page...

15.4. സ്ഥിരം അഡ്മിഷനായി റിപ്പോർട്ട് ചെയ്യുന്ന എല്ലാ വിദ്യാർത്ഥികളിൽ നിന്നും താഴെ പറയുന്ന രേഖകൾ വാങ്ങിക്കേണ്ടതാണ്.

(എ) അന്തിമസമർപ്പണം നടത്തിയിട്ടുള്ള ക്യാപ് രജിസ്ട്രേഷൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് (എല്ലാവിധ അഡ്മിഷനുകൾക്കും ക്യാപ് രജിസ്ട്രേഷൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് നിർബന്ധമാണ്)

(ബി) മാൻഡേറ്ററി ഫീ ചെലാൻ

(സി) അലോട്ട്മെന്റ്/അഡ്മിറ്റ് കാർഡ്

(ഡി) യോഗ്യതാ സർട്ടിഫിക്കറ്റ്

(ഇ) യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്/ഗ്രേഡ് കാർഡ്

(എഫ്) ബോണസ്/വെയിറ്റേജ് മുതലായവ പരിശോധിക്കുക.

15.5. അഡ്മിറ്റ് കാർഡ്

അലോട്ട്മെന്റ് ലഭിച്ച് സ്ഥിരം പ്രവേശനം നേടുന്ന എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിറ്റ് കാർഡ് ലഭിക്കുന്നതാണ്. അഡ്മിറ്റ് കാർഡിൽ അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, അഡ്മിഷൻ എടുക്കേണ്ട തീയതി, അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ മുതലായവ പ്രതിപാദിക്കുന്നതാണ്. (അഡ്മിറ്റ് കാർഡിന്റെ മാതൃക അനക്സർ 5ൽ കൊടുത്തിട്ടുണ്ട്.

ഓരോ അലോട്ട്മെന്റിനു ശേഷവും ഒന്നാമത്തെ ഓപ്ഷൻ ലഭിച്ചവർക്കും, ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർക്കും അഡ്മിറ്റ് കാർഡ് എടുത്ത് അതാത് കോളേജിൽ സ്ഥിരം അഡ്മിഷനായി റിപ്പോർട്ട് ചെയ്യാവുന്നതാണ്.

ഹയർ ഓപ്ഷൻ നിലനിൽക്കുന്നവരും എന്നാൽ ലഭിച്ച ഓപ്ഷനിൽ തൃപ്തരായവരുമായ വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് ലഭിക്കുന്നതിന് എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യേണ്ടതാണ്.

മൂന്നാമത്തെ അലോട്ട്മെന്റിനു ശേഷം 1, 2, 3 അലോട്ട്മെന്റ് ലഭിച്ചവരും ഇതുവരെ ലഭിച്ച ഓപ്ഷനിൽ തൃപ്തരല്ലാത്തവരുമായ വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നിലനിർത്തിക്കൊണ്ട് താത്കാലിക അഡ്മിഷൻ എടുക്കുന്നതിനു അഡ്മിറ്റ് കാർഡ് ആവശ്യമില്ല. എന്നാൽ അനക്സർ 1 ൽ കൊടുത്തിട്ടുള്ള ഫാറം അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾ പൂരിപ്പിച്ച് നൽകേണ്ടതാണ്.

നാലാമത്തെ അലോട്ട്മെന്റിനു ശേഷം 1, 2, 3, 4 അലോട്ട്മെന്റ്

... go to content page...

ലഭിച്ചവർക്കും ലഭിച്ച ഓപ്ഷനിൽ തൃപ്തരല്ലാത്തവരുമായ വിദ്യാർത്ഥികൾക്കും ഹയർ ഓപ്ഷൻ നിലനിർത്തിക്കൊണ്ട് അഡ്മിറ്റ് കാർഡ് എടുത്ത് സ്ഥിരം അഡ്മിഷൻ എടുക്കാവുന്നതാണ്.

താഴെ പറയുന്ന കോട്ടയിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് ലഭിക്കുന്നതല്ല.

1. കമ്മ്യൂണിറ്റി കോട്ട (എയിഡഡ് കോളേജുകളിൽ മാത്രം)
2. മാനേജ്മെന്റ് കോട്ട
3. സ്പോർട്സ് കോട്ട
4. ലക്ഷദ്വീപ് കോട്ട
5. കാശ്മീർ വിദ്യാർത്ഥികൾ
5. ആന്തമാൻ നിക്കോബർ ദ്വീപ് സമൂഹങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ
7. മെന്റലി റിട്ടാർഡഡ്
8. ജുവനൈൽ ജസ്റ്റിസ് കേന്ദ്രങ്ങളിലെ അന്തേവാസികൾ
9. അലോട്ട്മെന്റിനുശേഷം, യൂണിവേഴ്സിറ്റിയിൽ നിന്നും നൽകുന്ന ലിസ്റ്റിൽ നിന്നും കോളേജുകൾ ഒഴിവുകൾ നികത്തുമ്പോൾ

15. വെരിഫിക്കേഷൻ

അഡ്മിഷനെടുത്ത വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അപ്ലോഡ് ചെയ്തതിനുശേഷം കോളേജ് ലോഗിനിലോ നോഡൽ ലോഗിനിലോ ലോഗിൻ ചെയ്ത് അഡ്മിഷൻ ലിങ്കിന് താഴെ ലഭ്യമായ വെരിഫിക്കേഷൻ ലിങ്ക് ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ പരിശോധിച്ചശേഷം വെരിഫൈ ബട്ടൺ ക്ലിക്ക് ചെയ്യുക.

15.7. ഇൻഡക്സിംഗ്

ഓരോ വിദ്യാർത്ഥിയും റജിസ്ട്രേഷൻ സമയത്ത് സമർപ്പിക്കുന്ന മാർക്ക്, വെയിറ്റേജ് ബോണസ് മാർക്ക് എന്നിവയുടെ അടിസ്ഥാനത്തിലാണ് അപേക്ഷിക്കുന്ന വിഷയങ്ങൾക്ക് ഇൻഡക്സ് ചെയ്യുന്നത്. ഇത്തരത്തിൽ എന്റർ ചെയ്യുന്ന മാർക്കുകളിൽ എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുന്ന അവസരത്തിൽ മാത്രമേ യൂണിവേഴ്സിറ്റി പരിശോധിക്കാറുള്ളൂ. ആയതിനാൽ ഇൻഡക്സ് മാർക്ക് അഡ്മിഷൻ സമയത്ത് കോളേജുകൾ കൃത്യായി പരിശോധിക്കേണ്ടതും, തെറ്റ് ഉണ്ടെങ്കിൽ തിരുത്തുന്നതിന് ബന്ധപ്പെട്ട രേഖകളുടെ പകർപ്പ്

... go to content page...

സഹിതം നോഡൽ ഓഫീസർമാർ യൂണിവേഴ്സിറ്റിയിലേക്ക് ഇ-മെയിൽ മുഖാന്തരം അറിയിക്കേണ്ടതുമാണ്.

ഇൻഡക്സ് മാർക്ക് തെറ്റുതിരുത്തി വീണ്ടും കണക്കുകൂട്ടിയതിനുശേഷം

(എ) പ്രസ്തുത വിദ്യാർത്ഥി അലോട്ട്മെന്റ് ലിസ്റ്റിൽ നിന്നും പുറത്തുപോകാൻ സാധ്യതയില്ലെങ്കിൽ വിദ്യാർത്ഥിയെ അഡ്മിറ്റ് ചെയ്തതിനുശേഷം തെറ്റുതിരുത്താനായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം നോഡൽ ഓഫീസർമാർ യൂണിവേഴ്സിറ്റിയിലേക്ക് ഇ-മെയിൽ മുഖാന്തരം അറിയിക്കേണ്ടതുമാണ്.

(ബി) അല്ലാത്തപക്ഷം വിദ്യാർത്ഥിക്ക് അഡ്മിഷൻ നിഷേധിക്കേണ്ടതും തുടർന്ന് തെറ്റുതിരുത്താനായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം നോഡൽ ഓഫീസർമാർ യൂണിവേഴ്സിറ്റിയിലേക്ക് ഇ-മെയിൽ മുഖാന്തരം അറിയിക്കേണ്ടതുമാണ്.

15.8. അഡ്മിഷൻ വിവരം വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുക.

അഡ്മിഷൻ നടത്തുന്ന ദിവസം തന്നെ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അല്പോഡ് ചെയ്യേണ്ടതാണ്. ഇതിനായി കോളേജ് ലോഗിനിൽ "അഡ്മിഷൻ" എന്ന ലിങ്കിനു കീഴിൽ കൊടുത്തിട്ടുള്ള അലോട്ട്മെന്റ് എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. കോഴ്സ് തെരഞ്ഞെടുക്കുക. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്ക്രീനിൽ ലഭ്യമാവും. പ്രസ്തുത സ്ക്രീനിൽ നിന്നും അഡ്മിറ്റ് എന്നത് ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികളെ അഡ്മിറ്റ് ചെയ്യേണ്ടതാണ്. വിവിധ കാറ്റഗറികളിലേക്ക് അലോട്ട്മെന്റ് ലഭിച്ചവരെ അതാത് കാറ്റഗറി തെരഞ്ഞെടുത്ത് അഡ്മിറ്റ് ചെയ്യേണ്ടതാണ്. യൂണിവേഴ്സിറ്റി പ്രവേശന വിജ്ഞാപനത്തിൽ അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ അഡ്മിഷൻ വിവരം വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന കോളേജുകളിൽ നിന്നും ഫൈൻ ഈടാക്കുന്നതാണ്.

(See Rule I.8 to I.8 (a). (ii) of the Admission General Rules)

താഴെ പറയുന്ന കോട്ടയിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് അന്തിമ സമർപ്പണം നടത്തിയിട്ടുള്ള അപേക്ഷ ഫോറം കൈവശമുണ്ട് എന്ന് ഉറപ്പ് വരുത്തുക.

1. കമ്മ്യൂണിറ്റി കോട്ട (എയിഡഡ് കോളേജുകളിൽ മാത്രം)
2. മാനേജ്മെന്റ് കോട്ട

... go to content page...

3. സ്പോർട്ട്സ് കോട്ട

4. ലക്ഷദ്വീപ് കോട്ട

5. കാശ്മീർ കോട്ട

6. ആന്തമാൻ നിക്കോബർ ദ്വീപ് സമൂഹങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ

7. മെന്റലി റിട്ടാർഡഡ്

8. ജുവനൈൽ ജസ്റ്റിസ് കേന്ദ്രങ്ങളിലെ അന്തേവാസികൾ

9. അലോട്ട്മെന്റിനു ശേഷം, യൂണിവേഴ്സിറ്റിയിൽ നിന്നും നൽകുന്ന ലിസ്റ്റിൽ നിന്നും കോളേജുകൾ ഒഴിവുകൾ നികത്തുമ്പോൾ

15.9. വേക്കൻസി റിപ്പോർട്ടിംഗ്

നാലാമത്തെ അലോട്ട്മെന്റിനുശേഷം എസ്.സി/എസ്.ടി/ബി.പി.എൽ (മുന്നോക്ക വിഭാഗക്കാർ) വിഭാഗത്തിൽ നിലനിൽക്കുന്ന ഒഴിവുകൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്യ ഇത്തരത്തിൽ അപ്ലോഡ് ചെയ്യുന്ന വേക്കൻസികളിലേക്കാണ് എസ്.സി/എസ്.ടി/ബി.പി.എൽ മുന്നോക്ക വിഭാഗക്കാർക്കുള്ള സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നത്. ആയതിനാൽ പ്രസ്തുത വിവരം അപ്ലോഡ് ചെയ്യുമ്പോൾ കർശനമായും കൃത്യത പാലിക്കേണ്ടതാണ്.

15.10. ഫൈൻ

ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങിയതിനുശേഷം കോളേജ് അഫിലിയേഷൻ റദ്ദാക്കാനോ കോഴ്സ് റദ്ദാക്കാനോ അപേക്ഷിക്കുന്ന കോളേജുകളിൽനിന്നും, അലോട്ട്മെന്റിനുശേഷം അഡ്മിഷൻ നിഷേധിക്കുന്ന കോളേജുകളിൽ നിന്നും 50000 രൂപ പിഴയായി ഈടാക്കുന്നതാണ്.

യൂണിവേഴ്സിറ്റി പ്രവേശന വിജ്ഞാപനത്തിൽ അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ, അഡ്മിഷൻ നൽകിയ (ലക്ഷദ്വീപ് വിദ്യാർത്ഥികൾ ഒഴിച്ചുള്ള) വിദ്യാർത്ഥികൾ മാൻഡേറ്ററി ഫീ അടച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താത്ത കോളേജുകളിൽ നിന്നും 5000 രൂപ പിഴയായി ഈടാക്കുന്നതാണ്.

16. നോഡൽ സെന്ററുകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ

16.1. നോഡൽ സെന്ററുകളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള നോഡൽ ഓഫീസർമാരുടെ ചുമതലയും ഉത്തരവാദിത്വവും

... go to content page...

1. യൂണിവേഴ്സിറ്റി പുറപ്പെടുവിക്കുന്ന വിജ്ഞാപനം അനുസരിച്ച് ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ വിദ്യാർത്ഥികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുക.

2. ഓൺലൈൻ രജിസ്ട്രേഷൻ നടത്തുമ്പോൾ വ്യക്തി/സ്ഥാപന താൽപര്യങ്ങൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. വിദ്യാർത്ഥികൾക്കും സർവ്വകലാശാലയ്ക്കുമിടയിൽ മധ്യവർത്തിയായി നിലകൊള്ളുക.

4. കുട്ടികൾക്ക് ഏറ്റവും അനുയോജ്യമായ ഓപ്ഷൻ തെരഞ്ഞെടുക്കാൻ സഹായിക്കുകയും, കുട്ടികളുടെ പരാതി പരമാവധി പരിഹരിച്ചു കൊടുക്കേണ്ടതുമാണ്. നോഡൽ ഓഫീസർമാർക്ക് പരിഹരിക്കാൻ കഴിയാത്തവ ഡയറക്ടറേറ്റ് ഓഫ് അഡ്മിഷനുമായി ബന്ധപ്പെട്ട് പരിഹരിക്കുക.

5. കുട്ടികളുടെ അഡ്മിഷൻ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

6. യൂണിവേഴ്സിറ്റി നിർദ്ദേശാനുസരണം മാത്രമാണ് അഡ്മിഷൻ നടത്തുന്നതെന്ന് ഉറപ്പുവരുത്തുക.

7. മാൻഡേറ്ററി ഫീ അടച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

8. വേക്കൻസി റിപ്പോർട്ടിംഗ് - അപ്ലോഡ് ചെയ്യുന്ന വേക്കൻസി വിവരം കൃത്യമാണെന്ന് ഉറപ്പുവരുത്തുക.

16.2. രജിസ്ട്രേഷൻ

കോളേജുകളിൽ പ്രവർത്തിക്കുന്ന നോഡൽ സെന്ററുകൾ വഴി വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ ചെയ്തു നൽകേണ്ടതാണ്.

രജിസ്ട്രേഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് ഉപകാരപ്രദവും ഉചിതവുമായ കോഴ്സുകൾ/പ്രോഗ്രാമുകൾ തെരഞ്ഞെടുക്കുന്നതിന് സഹായകരമാവും വിധത്തിൽ നോഡൽ ഓഫീസർമാർ പ്രവർത്തിക്കേണ്ടതാണ്. വിദ്യാർത്ഥികൾ സമർപ്പിക്കുന്ന രേഖ കൃത്യമാണ് എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം ഫൈനൽ സബ്മിഷൻ ചെയ്യുക. (അനക്സർ 2ൽ കൊടുത്തിട്ടുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് വാങ്ങാവുന്നതാണ്.

16.3. എഡിറ്റ് ചെയ്യുന്നത്

നോഡൽ ഓഫീസർമാർ നോഡൽ ലോഗിനിൽ നൽകിയിട്ടുള്ള

... go to content page...

എഡിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുക. എഡിറ്റ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥിയുടെ ക്യാപ് ഐഡി നൽകുക.

സ്ക്രീനിൽ തെളിയുന്ന ടേബിളിന്റെ വലത്തെ അറ്റത്ത് കാണുന്ന "അൺഫൈനലൈസ്" എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.

രജിസ്ട്രേഷൻ ലിങ്കിൽ വിദ്യാർത്ഥിയുടെ ക്യാപ് ഐ.ഡി, പാസ്വേർഡ്, യോഗ്യത പരീക്ഷയുടെ രജിസ്റ്റർ നമ്പർ എന്നിവ നൽകി ലോഗിൻ ചെയ്ത് ഓരോ ഘട്ടത്തിലും കൊടുത്തിട്ടുള്ള വിവരങ്ങൾ എഡിറ്റ് ചെയ്തതിനുശേഷം സേവ് ചെയ്യുക.

എഡിറ്റ് ചെയ്യുന്നതിന്, വിദ്യാർത്ഥികളിൽ നിന്നും എഡിറ്റ് ചെയ്യേണ്ട വിവരങ്ങൾ മാത്രം അനക്സർ 3 ൽ കൊടുത്തിട്ടുള്ള അപേക്ഷാഫോറത്തിൽ പൂരിപ്പിച്ച് വാങ്ങേണ്ടതാണ്.

16.4. കോളേജ് കോഴ്സ് പുനഃക്രമീകരണം

ട്രയൽ അലോട്ട്മെന്റിനുശേഷം നേരത്തെ സമർപ്പിച്ച കോളേജ്, കോഴ്സ് ഓപ്ഷനുകൾ പുനഃക്രമീകരിക്കാവുന്നതാണ്. ഇതിനായി വിദ്യാർത്ഥിയുടെ ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് ലോഗിൻ ചെയ്ത് കോളേജ് കോഴ്സ് ഓപ്ഷൻ ഡ്രാഗ് ആന്റ് ഡ്രോപ് സൗകര്യം ഉപയോഗിച്ച് പുനഃക്രമീകരിക്കാവുന്നതാണ്.

16.5. ഹയർ ഓപ്ഷൻ ക്യാൻസലേഷൻ (ഹയർ ഓപ്ഷൻ റദ്ദാക്കൽ)

എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാക്കാൻ നോഡൽ സെന്ററുകൾ മുഖാന്തരമേ സാധ്യമാവുകയുള്ളൂ. ഹയർ ഓപ്ഷനുകൾ ഭാഗികമായി റദ്ദ് ചെയ്യുന്നതിന് അക്ഷയകേന്ദ്രം, നോഡൽ സെന്റർ, ഇന്റർനെറ്റ് സൗകര്യം പ്രദാനം ചെയ്യുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ സേവനം ഉപയോഗിക്കാവുന്നതാണ്. ഇതിനായി വിദ്യാർത്ഥിനിയുടെ ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് ലോഗിൻ ചെയ്തതിന് ശേഷം ആവശ്യമില്ലാത്ത ഓപ്ഷനുകൾ ഒഴിവാക്കാവുന്നതാണ്. എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാക്കാൻ നോഡൽ ഓഫീസർ നോഡൽ ലോഗിൻ ചെയ്തതിനുശേഷം ഹയർ ഓപ്ഷൻ ക്യാൻസലേഷൻ എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികളുടെ ക്യാപ് ഐഡി നൽകുക. തുടർന്ന് സബ്മിറ്റ് ക്ലിക്ക് ചെയ്യുക. അനക്സർ 4 കൊടുത്തിട്ടുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതാണ്.

... go to content page...

ANNEXURES

... go to content page...

... go to content page...

ANNEXURE 1

TEMPORARY ADMISSION

APPLICATION (College Copy)

Sl. No.	Name	CAP ID	Reg No.	Phone No.	E-mail ID	Remarks

College and course to which Admitted

Sl. No.	College	Course	Allotment Number (1,2,3)

The candidate is admitted temporarily upon the request of the candidate as his higher options prevails and an amount of ..... as fee. He/she will be relieved from the college on receipt of allotment to his/her higher options with imposing any further fee.

Place:

Date: Principal

SPECIMEN

Declaration

I hereby declare that I am reporting for admission on temporary basis to ..... (course) .... (college) and will join the new course or college on receipt of allotment to my higher options.

Place

Dated:

Counter Signed by the Parent Signature of Applicant

... go to content page...

ANNEXURE 2

APPLICATION FOR REGISTRATION

1.	Name of the applicant as per Matriculation Certificate/ School Leaving Certificate (In capital letters)	:		
2.	Father's/Guardian's/ Husband's Name	:		
3.	Mobile Number	:		
4.	Land Number	:		
5.	Date of Birth	:		
6.	Age	:		
7.	Sex	:	Male	Female
8.	Marital Status	:		
9.	Nationality	:		
10.	Religion	:		
11.	Caste	:		
12.	Whether BPL in forward community	:		
13.	Whether Physically Handicapped	:	Yes	No
14.	If Yes specify			
	Physically handicapped	Deaf		Dump
15.	Whether Mentally Challenged Students	:	Yes	No
16.	Whether Belongs to Ex-serviceman Child	:		
17.	Permanent Address	:		
18.	Present postal address for correspondence	:		
19.	Educational Qualification	:		

SPECIMEN

... go to content page...

20. Board of Study :

21. Stream of Study : Humanities Commerce Science

22. Marks obtained

23. College/Course Option :

24. Community Quota College/Course Options

25. Registered By :

SPECIMEN

DECLARATION

I hereby certified that the above information is true to the best of my knowledge and if the authories find anything false, my candidature is liable to be canceled at any stage of Admission

Place:

Date : Signature of Applicant

Counter Signed by the Parent

Registering Authority

... go to content page...

ANNEXURE 3
APPLICATION FOR EDITING

1.	Name of the applicant as per Matriculation Certificate/ School Leaving Certificate (In capital letters)	:		
2.	Father's/Guardian's/ Husband's Name	:		
3.	Mobile Number	:		
4.	Land Number	:		
5.	Date of Birth	:		
6.	Age	:		
7.	Sex	:	Male	Female
8.	Marital Status	:		
9.	Nationality	:		
10.	Religion	:		
11.	Caste	:		
12.	Whether BPL/ forward community	:		
13.	Whether Physically Handicapped	:	Yes	No
14.	If Yes specify			
	Physically handicapped	Deaf		Dump
15.	Whether Mentally Challenged Students	:	Yes	No
16.	Whether Belongs to Ex-serviceman Child	:		
17.	Permanent Address	:		
18.	Present postal address for correspondence	:		
19.	Educational Qualification	:		

SPECIMEN

... go to content page...

20. Board of Study :

21. Stream of Study : Humanities Commerce Science

22. Marks obtained

25.Edited By :

DECLARATION

I hereby certified that the above information is true to the best of my knowledge and if the authority finds anything false, my candidature is liable to be cancelled at any stage of Admission

Place:

Date :

Signature of Applicant

Counter Signed by the Parent

Registering Authority

SPECIMEN

... go to content page...

ANNEXURE 3

APPLICATION FOR HIGHER OPTIONS CANCELLATION

1.	Name of the applicant as per Matriculation Certificate/ School Leaving Certificate (In capital letters)	:		
2.	Father's/Guardian's/ Husband's Name	:		
3.	Mobile Number	:		
4.	Land Number	:		
5.	Date of Birth	:		
6.	Age	:		
7.	Sex	:	Male	Female
8.	Marital Status	:		
9.	Nationality	:		
10.	Religion	:		
11.	Caste	:		
12.	Whether BPL in forward community	:		
13.	Whether Physically Handicapped	:	Yes	No
14.	If Yes specify			
	Physically handicapped		Deaf	Dump
15.	Whether Mentally Challenged Students	:	Yes	No
16.	Whether Belongs to Ex-serviceman Child	:		
17.	Permanent Address	:		
18.	Present postal address for correspondence	:		

SPECIMEN

... go to content page...

19. Educational Qualification :

20. Board of Study :

21. Stream of Study : Humanities Commerce Science

22. Marks obtained

Edited By :

DECLARATION

I hereby certified that the above information is true to the best of my knowledge and if the authority finds anything false, my candidature is liable to be cancelled at any stage of Admission

Place:

Date :

Signature of Applicant

Counter Signed by the Parent

Registering Authority

SPECIMEN

... go to content page...

Online ID
CAPID

192.168.20.1-CAP -24.07.2015

UNIVERSITY OF CALICUT

CENTRALIZED ADMISSIONS PROCESS

PROVISIONAL ADMIT CARD

1.Name of Candidate			
2.Date of Birth	20/01/1995	3.Sex	FEMALE
4.Religion	MUSLIM	5.Caste	Muslim(All sections following islam)
6.Reservation	MUSLIM		
7.Name of Parent Mobile No			
8.Address			

DETAILS OF ALLOTMENT	
14.Allotted College	
15.Allotted Course	B.Sc CHEMISTRY
16.Allotted Category	OPEN
17.Priority Number	13

INDEX CARD				
Programme	Total Marks Part III (C)	Bonus / Weightage (B)	Weightage mark (A)	Total Index(A+B+C)
B.Sc CHEMISTRY	699	15	171	855

SPECIMEN

List of documents to be produced at the time of Admission

1.Admit Card
2.Print out of the application (College Copy).
3.E-chalan/online payment slip for registration fee.(College Copy).
4.Online payment slip of the fee remitted for acceptance of allotment.(University mandatory fee).
5.Age proof
6.Qualifying Cerificate.
7.Mark List(s) of the qualifying examination.
8.Transfer Certificate received from the Institution last studied.
9.Conduct Certificate.
10.Equivalency/Recognition Certificate(if applicable).
11.Any other documents (Income Certificate/Nativity Certificate/Community Certificate) as directed by the admitting authorities.
12.Candidate who claim bonus/weightage marks shall produce relevent cerificates.

Any other documents demanded by the admitting authority.

... go to content page...

Flow Chart

... go to content page...

Flow Chart



... go to content page...



... go to content page...



... go to content page...